"ഭരണഭാഷ-മാതൃഭാഷ"


കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in


തീയതി : 04-10-2023

**സർക്കുലർ നം 35**

ജയിലുകളിലെ അൺലോക് സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തിവന്നിരുന്ന സോഫ്റ്റ് വെയർ സെക്യൂരിറ്റി ഓഡിറ്റ് നടത്തേണ്ടതിനാൽ താൽക്കാലികമായി പ്രവർത്തനരഹിതമാക്കിയിരുന്നു. ആയത് കെൽട്രോൺ മുഖേന സെക്യൂരിറ്റി ഓഡിറ്റ് പൂർത്തീകരിച്ച് 29/09/2023 മുതൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ആയതിനാൽ 30/09/2023 മുതൽ ദിവസേനയുള്ള അൺലോക്ക് വിവരങ്ങൾ ടി സോഫ്റ്റ് വെയർ മുഖേന രേഖപ്പെടുത്തേണ്ടതും ഓരോ ദിവസത്തേയും വിവരങ്ങൾ രാവിലെ 10 മണിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്.

കോടതിയുമായുള്ള വീഡിയോ കോൺഫെറൻസിംഗ് സംബന്ധമായ വിവരങ്ങൾ സമർപ്പിക്കുന്നതിന് ടി സോഫ്റ്റ് വെയറിൽ ഒരു പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് വഴി വീഡിയോ കോൺഫെറൻസിംഗ് സംബന്ധമായ വിവരങ്ങൾ ദിവസേന അപ്ഡേറ്റ് ചെയ്യേണ്ടതും 01/01/2023 മുതലുള്ള വിവരങ്ങൾ 31/10/2023നു മുമ്പായി അപ്ഡേറ്റ് ചെയ്ത് ജയിൽ ആസ്ഥാനകാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

Application URL: https://pms.keralaprisons.gov.in

സ്ഥാപനങ്ങൾ നേരത്തെ ഉപയോഗിച്ച് വന്നിരുന്ന user name,password എന്നിവ ഉപയോഗിച്ച് തന്നെ ടി സോഫ്റ്റ് വെയറിൽ ലോഗിൻ ചെയ്യാൻ സാധിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെങ്കിൽ ജയിൽ ആസ്ഥാന കാര്യാലയത്തിലെ ടെക്നിക്കൽ സെല്ലുമായി ബന്ധപ്പെടാവുന്നതാണ് .

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസിനു വേണ്ടി

സ്വീകർത്താവ് : ജയിൽ സ്ഥാപന മേധാവികൾക്ക്

പകർപ്പ് : 1. ഡിഐജി ഓഫ് പ്രിസൺസ്,
ഉത്തര /മധ്യ/ ദക്ഷിണ മേഖല
2. ജോയിന്റ് സൂപ്രണ്ട്,ടെക്നിക്കൽ സെൽ,ജയിലാസ്ഥാന കാര്യാലയം

P4-6608/2021/PrHQ

14171a